കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി
യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലെ
ഫോൺ: 0487-2423415; ഇ-മെയിൽ - vhkok@kvasu.ac.in

നം: UVH/418/2019 06.02.2023

## പ്രസിദ്ധീകരണത്തിന്

### വിജ്ഞാപനം

തൃശൂർ കൊക്കാല യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ **2023** മാർച്ച് **1** ന് ആരംഭിക്കുന്ന ആറ് മാസം കാലദൈർഘ്യമുള്ള, *സ്റ്റൈപെൻഡറി ട്രെയിനിങ് ഓൺ ലബോറട്ടറി ടെക്നിക്സ് , ഫാർമസി ആൻഡ് നഴ്സിംഗ്* കോഴ്സിൽ സ്റ്റൈപ്പന്റോടുകൂടിയ പരിശീലനത്തിന് താത്പര്യമുള്ള അപേക്ഷകർ **2023** ഫെബ്രുവരി **22** ന് രാവിലെ **10.00** മണിക്ക് സ്ഥാപനത്തിൽ വെച്ച് നടത്തുന്ന ഇന്റർവ്യൂവിൽ നേരിട്ട് പങ്കെടുക്കേണ്ടതാണ് . സ്റ്റൈപെൻഡ് പ്രതിമാസം **6000** രൂപയാണ് . അനിമൽ ഹസ്ബൻഡറി , പൗൾട്രി സയൻസ് , ഡയറി സയൻസ് എന്നീ കോഴ്സുകളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി പാസായവർക്ക് അപേക്ഷിക്കാം . കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാലയുടെ വിവിധ ഡിപ്ലോമ കോഴ്സുകൾ പാസായവർക്ക് മാർക്ക് വെയ്റ്റേജ് ഉണ്ടായിരിക്കുന്നതാണ് . പ്രായ പരിധി **25** വയസ്സ് . വെള്ളക്കടലാസിലുള്ള അപേക്ഷയോടൊപ്പം പാസ്പോർട്ട് സൈസിലുള്ള ഫോട്ടോ പതിച്ച ബയോഡാറ്റ , എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് (അസ്സൽ & പകർപ്പ്) , വൊക്കേഷണൽ ഹയർ സെക്കൻഡറി പാസായ സർട്ടിഫിക്കറ്റ് (അസ്സൽ & പകർപ്പ്) , സംവരണാർഹരായവർ അതുമായി ബന്ധപ്പെട്ട രേഖകൾ ഏറ്റവും പുതിയ ക്രീമി ലയർ സർട്ടിഫിക്കറ്റ് ഉൾപ്പടെ (അസ്സൽ & പകർപ്പ്) , ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർ , അംഗീകൃത സ്ഥാപനങ്ങളിൽ മൃഗ സംരക്ഷണവുമായി നേരിട്ടു ബന്ധപ്പെട്ട പ്രവൃത്തികളിൽ കുറഞ്ഞത് 6 മാസ കാലത്തെ പരിചയമുള്ളവർ യഥാക്രമം ബന്ധപ്പെട്ട രേഖകൾ ( അസ്സൽ & പകർപ്പ്) സമർപ്പിക്കുന്ന പക്ഷം ഇന്റർവ്യൂവിൽ മാർക്ക് വെയ്റ്റേജ് ലഭിക്കുന്നതാണ് . അപേക്ഷകരുടെ എണ്ണം അധികമാകുന്ന പക്ഷം എഴുത്തു പരീക്ഷ നടത്തി അതിൽ വിജയിക്കുന്നവരെ മാത്രമേ ഇന്റർവ്യൂവിനു ഉൾപ്പെടുത്തുകയുള്ളു .

കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി നേരിട്ടോ , **0487 2423415** എന്ന നമ്പറിലോ ബന്ധപ്പെടുക.

UNIVERSITY VETERINARY HOSPITAL THRISSUR PIN 680 021 ★ KOKKALAI ★

പ്രൊഫസർ ആൻഡ് ഹെഡ്
PROFESSOR AND HEAD
UNIVERSITY VETERINARY HOSPITAL,
KOKKALAI, THRISSUR